പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4570 — 29.06.2012 ൽ മറുപടിക്ക്

## പുനലൂർ തൂക്കുപാലം

ചോദ്യം
ശ്രീ. എ. കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

മറുപടി
ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 1877 ൽ നിർമ്മിച്ച പുനലൂർ തൂക്കുപാലം അറ്റകുറ്റപ്പണി നടത്തി പുതുക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിറ്റ്കോയ്ക്ക് എന്ത് തുക നൽകിയെന്ന് പറയാമോ ; | (എ) | പുനലൂർ തൂക്കുപാലം അറ്റകുറ്റപ്പണി നടത്തി പുതുക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിറ്റ്കോയ്ക്ക് 77,71,021/- (എഴുപത്തിയേഴ് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുപത്തി ഒന്ന് ) രൂപ നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പാലം പുതുക്കി പണിയുന്നതിന് കമ്പകത്തടി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | വനം വകുപ്പിന്റെ പത്തനാപുരം റെയിഞ്ചിൽ 12 വിവിധ ഭാഗങ്ങളിലായി കിടക്കുന്ന കമ്പകത്തടികൾ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം പരിശോധിച്ച് റിപ്പോർട്ട് വാങ്ങിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് കിറ്റ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ നാശോന്മുഖമായിരിക്കുന്ന പ്രസ്തുത പുരാതന പാലത്തിന്റെ അറ്റകുറ്റപ്പണി എത്ര നാൾക്കകം പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (സി) | 20% തടികൾ കൂടി ഇനി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. 6 മാസത്തിനകം പ്രസ്തുത പണികൾ പൂർത്തിയാക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ